എ.വൈ.ആർ

# സൂറ–28 / അൽ ഖസ്വസ്വ്

### സൂക്തം: 43 – 46

മൂസാ നബി ആഗതനാകുമ്പോൾ ഒരു വേദം നിലവിലുണ്ടായിരുന്നില്ല. ഇബ്റാഹീം നബിക്കു മുമ്പ് ആഗതനായ നൂഹ് നബിയും, വേദവും ശരീഅത്തും ലഭിച്ച റസൂൽ ആയിട്ടാണ് ഗണിക്കപ്പെടുന്നത്. ഈ രണ്ട് ദൈവദൂതന്മാരുടെ വേദാധ്യാപനങ്ങൾ തന്നെയായിരുന്നു നശിച്ചുപോയ ലൂത്, ആദ്, സമൂദ് ഗോത്രങ്ങളിൽ ആഗതരായ പ്രവാചകന്മാർ പ്രബോധനം ചെയ്തിരുന്നത്. ആ ഗോത്രങ്ങളുടെ വിനാശത്തോടെ ആ അധ്യാപനങ്ങളും മാഞ്ഞുപോയി. ഈ സാഹചര്യത്തിലാണ് മൂസാ(അ)ക്ക് വേദം ലഭിക്കുന്നത്.



وَلَقَدْ آتَيْنَا مُوسَى الْكِتَابَ مِن بَعْدِ مَا أَهْلَكْنَا الْقُرُونَ الْأُولَىٰ
بَصَائِرَ لِلنَّاسِ وَهُدًى وَرَحْمَةً لَّعَلَّهُمْ يَتَذَكَّرُونَ ﴿٤٣﴾

43. പൂർവ സമുദായങ്ങളെ നശിപ്പിച്ച ശേഷം മനുഷ്യർക്ക് ഉൾക്കാഴ്ചദായകവും സന്മാർഗദർശകവും അനുഗ്രഹവുമായിക്കൊണ്ട് നാം മൂസാക്ക് വേദം നൽകി; ജനം സന്മാർഗബോധമുള്ളവരാവാൻ.

**43**

وَلَقَدْ آتَيْنَا مُوسَى الْكِتَابَ= തീർച്ചയായും മൂസാക്കു നാം വേദം നൽകി

مِن بَعْدِ مَا أَهْلَكْنَا= നാം നശിപ്പിച്ച ശേഷം الْقُرُونَ الْأُولَىٰ= ആദ്യ (പൂർവ) സമുദായങ്ങളെ, തലമുറകളെ

بَصَائِرَ لِلنَّاسِ= മനുഷ്യർക്ക് ഉൾക്കാഴ്ചകൾ (ഉൾക്കാഴ്ചാദായകം) ആയിട്ട് وَهُدًى= സന്മാർഗദർശകം ആയിട്ടും

وَرَحْمَةً= അനുഗ്രഹമായിട്ടും لَّعَلَّهُمْ يَتَذَكَّرُونَ= അവർ ഓർമിച്ചേക്കാം (ജനം സന്മാർഗബോധമുള്ളവരാകാൻ)

മർദകരുടെ ദുരന്തപര്യവസാനം, അതായത് ഫറവോന്റെ നാശം അനുസ്മരിപ്പിച്ചുകൊണ്ട് അല്ലാഹു മർദിതർക്കരുളിയ അനുഗ്രഹം ചൂണ്ടിക്കാണിക്കുകയാണ്. സൂറാരംഭത്തിലെ وَنُرِيدُ أَن نَّمُنَّ عَلَى الَّذِينَ اسْتُضْعِفُوا എന്ന വാക്യം ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. തലമുറകൾക്കും നൂറ്റാണ്ടുകൾക്കും സമുദായങ്ങൾക്കും قُرُونَ എന്നു പറയും. ഇവിടെ ഉദ്ദേശ്യം ഇസ്രാഈല്യരുടെ മോചനത്തിനു മുമ്പുണ്ടായിരുന്ന ഫറവോനി തലമുറകളാകാം, അവരോടൊപ്പം നേരത്തേ നശിച്ചുപോയ ആദ്, സമൂദ്, ലൂത്, നൂഹ് തുടങ്ങിയ സമുദായങ്ങളുമാകാം. ഫറവോനികൾ ചെങ്കടലിൽ മുങ്ങിയൊടുങ്ങിയ ശേഷം അടിമത്തത്തിൽനിന്ന് മുക്തരായ ഇസ്രാഈല്യർ സീനാ മരുഭൂമിയിൽ വസിക്കുന്ന കാലത്ത് അല്ലാഹു മൂസാ നബിക്ക് തൗറാത്ത് എന്ന വേദം നൽകി. എല്ലാ ജനത്തിനും ജീവിതത്തെ സംബന്ധിച്ച് ഉൾക്കാഴ്ചയും സന്മാർഗദർശനവും അനുഗ്രഹവും പ്രദാനം ചെയ്യുന്നതായിരുന്നു ആ വേദം. മനോമസ്തിഷ്കങ്ങളുടെ ആർജവത്തിന്റെയും അവബോധത്തിന്റെയും മനന ശേഷിയുടെയും വികാസമാണ് بَصِيرة . അതിനെ بَصَائِرَ എന്ന് ബഹുവചനത്തിൽ പറഞ്ഞതിന്റെ താൽപര്യം, പഠിക്കുന്നവരുടെ കണ്ണ് തുറപ്പിക്കാൻ പര്യാപ്തമായ ധാരാളം ദൃഷ്ടാന്തങ്ങളും ന്യായങ്ങളും അത് ഉൾക്കൊള്ളുന്നുവെന്നാണ്. بَصَائِرَ മനസ്സിന്റെ വെളിച്ചത്തെയും ജീവിതദർശനത്തിന്റെ സുബദ്ധതയെയും പ്രതിനിധീകരിക്കുമ്പോൾ هُدى പ്രായോഗിക ജീവിതത്തിലെ സാന്മാർഗികതയെയും ധാർമികതയെയും പ്രതിനിധീകരിക്കുന്നു. هُدى -യും رَحْمَة -ഉം ഒരുമിച്ചുവരുമ്പോൾ ഈ ലോകത്ത് സാന്മാർഗിക ജീവിതത്തിന്റെ ഫലമായി പരലോകത്ത് ലഭിക്കുന്ന ദൈവാനുഗ്രഹത്തെയാണത് സൂചിപ്പിക്കുന്നത്.

മൂസാ(അ)ക്ക് അല്ലാഹു വേദം നൽകിയെന്നതിന്റെ താൽപര്യം അദ്ദേഹം മുഖേന ഇസ്രാഈല്യർക്ക് നൽകി എന്നാണ്. അല്ലാഹു ഒരു സമുദായത്തിന് വേദവും നിയമവ്യവസ്ഥ(ശരീഅ)യും നൽകുന്നത് ആ സമുദായത്തെ ലോകനായകരും സന്മാർഗാചാര്യന്മാരുമാക്കി അനുഗ്രഹിക്കുന്നതിനു തുല്യമാകുന്നു. ആ പദവികൾ അവരിൽ നിലനിൽക്കണമെങ്കിൽ ലഭിച്ച അനുഗ്രഹത്തെ അവർ അർഹിക്കുന്ന വിധത്തിൽ മാനിക്കേണ്ടതുണ്ട്. ഈ പദവി ലഭിക്കുന്ന ആദ്യ സമുദായമാണ് ഇസ്രാഈല്യർ എന്ന് ചില മുഫസ്സിറുകൾ പ്രസ്താവിച്ചിരിക്കുന്നു.

മുൻതലമുറകളെ അല്ലെങ്കിൽ സമുദായങ്ങളെ നാം നശിപ്പിച്ച ശേഷം എന്ന വാക്യം അതിനു മുമ്പുണ്ടായിരുന്ന നശീകൃത സമുദായങ്ങൾക്കൊന്നും വേദം നൽകിയിട്ടില്ല എന്നു സൂചിപ്പിക്കുന്നതായി ചിലർ കരുതുന്നു. പക്ഷേ 87: 18,19-ൽ إِنَّ هَٰذَا لَفِي الصُّحُفِ الْأُولَىٰ ﴿١٨﴾ صُحُفِ إِبْرَاهِيمَ وَمُوسَىٰ ﴿١٩﴾ (ഈ സന്ദേശം പൂർവികമായ ഏടുകളിൽ പ്രസ്താവിച്ചിട്ടുള്ളതു തന്നെയാകുന്നു; ഇബ്റാഹീമിന്റെയും മൂസായുടെയും ഏടുകളിൽ) എന്നു പറയുന്നുണ്ട്. മൂസാ നബിക്കു മുമ്പ് ഇബ്റാഹീം നബിക്കും വേദം ലഭിച്ചിട്ടുണ്ടെന്നാണ് ഇത് സൂചിപ്പിക്കുന്നത്. അല്ലാഹുവിങ്കൽനിന്നുള്ള വേദവചനങ്ങളെല്ലാം الكتاب ആണ്. صحف -ന്റെ വിവക്ഷയും അൽകിതാബ് തന്നെ. അപ്പോൾ صُحُفِ إِبْرَاهِيمَ وَمُوسَىٰ എന്നതിന്റെ താൽപര്യം كتاب ابراهيم وموسى (ഇബ്റാഹീമിന്റെയും മൂസായുടെയും വേദം) എന്നാകുന്നു. വേദങ്ങൾ പൊതുവിൽ അവതീർണമാകുന്നത് ശ്രവ്യ രൂപത്തിലാണ്; ഏടുകളിൽ എഴുതി പുസ്തകമായി ക്രോഡീകരിച്ച രൂപത്തിലല്ല. മുഹമ്മദ് നബിക്ക് ഖുർആൻ അവതരിച്ചതും ഏറക്കുറെ അങ്ങനെയാണല്ലോ. പിന്നീട് വിശ്വാസികൾ അത് രേഖപ്പെടുത്തുകയായിരുന്നു. ഇബ്റാഹീം നബിക്ക് صحف അവതരിച്ചത് ശ്രവ്യരൂപത്തിലാവാം. അത് രേഖപ്പെടുത്തപ്പെട്ടിരുന്നുവോ എന്നറിയില്ല. രേഖപ്പെടുത്തിയിരുന്നുവെങ്കിൽ ഇപ്പോൾ ഒന്നും അവശേഷിക്കാത്തവണ്ണം നഷ്ടപ്പെട്ടിരിക്കുന്നു. മൂസാ നബി ആഗതനാകുമ്പോൾ ഒരു വേദം നിലവിലുണ്ടായിരുന്നില്ല. ഇബ്റാഹീം നബിക്കു മുമ്പ് ആഗതനായ നൂഹ് നബിയും, വേദവും ശരീഅത്തും ലഭിച്ച റസൂൽ ആയിട്ടാണ് ഗണിക്കപ്പെടുന്നത്. ഈ രണ്ട് ദൈവദൂതന്മാരുടെ വേദാധ്യാപനങ്ങൾ തന്നെയായിരുന്നു നശിച്ചുപോയ ലൂത്വ്, ആദ്, സമൂദ് ഗോത്രങ്ങളിൽ ആഗതരായ പ്രവാചകന്മാർ പ്രബോധനം ചെയ്തിരുന്നത്. ആ ഗോത്രങ്ങളുടെ വിനാശത്തോടെ ആ അധ്യാപനങ്ങളും മാഞ്ഞുപോയി. ഈ സാഹചര്യത്തിലാണ് മൂസാ(അ)ക്ക് വേദം ലഭിക്കുന്നത്. മുൻവേദങ്ങളിൽനിന്ന് വ്യത്യസ്തമായി, അദ്ദേഹത്തിന് വേദം ലഭിച്ചത് ഫലകങ്ങളിൽ ഉല്ലേഖനം ചെയ്യപ്പെട്ട രൂപത്തിലായിരുന്നു. ■

---

وَمَا كُنتَ بِجَانِبِ الْغَرْبِيِّ إِذْ قَضَيْنَا إِلَىٰ مُوسَى الْأَمْرَ وَمَا كُنتَ مِنَ الشَّاهِدِينَ ﴿٤٤﴾

44. പ്രവാചകാ, മൂസാക്ക് നാം നിയമം അനുശാസിച്ചുകൊടുത്തപ്പോൾ പശ്ചിമ ദിക്കിൽ നീ ഉണ്ടായിരുന്നില്ല. അതിനു സാക്ഷികളായവരുടെ കൂട്ടത്തിലും നീ ഉണ്ടായിരുന്നില്ല.

وَلَٰكِنَّا أَنشَأْنَا قُرُونًا فَتَطَاوَلَ عَلَيْهِمُ الْعُمُرُ ۚ وَمَا كُنتَ ثَاوِيًا فِي أَهْلِ مَدْيَنَ تَتْلُو عَلَيْهِمْ آيَاتِنَا وَلَٰكِنَّا كُنَّا مُرْسِلِينَ ﴿٤٥﴾

45. എന്നാൽ അനന്തരം ഇതുവരെ നാം നിരവധി സമുദായങ്ങളെ എഴുന്നേൽപിച്ചിരിക്കുന്നു. അവരിലൂടെ ഏറിയ കാലം കടന്നുപോവുകയും ചെയ്തിരിക്കുന്നു. ജനത്തിന് നമ്മുടെ സൂക്തങ്ങൾ ചൊല്ലിക്കൊടുത്തുകൊണ്ട് മിദ്യാൻകാർക്കിടയിലും നീ വസിച്ചിരുന്നില്ല. പക്ഷേ, ഈ വിവരങ്ങളൊക്കെയും നാം നിനക്ക് അയച്ചുതരുന്നതാകുന്നു.

وَمَا كُنتَ بِجَانِبِ الطُّورِ إِذْ نَادَيْنَا وَلَٰكِن رَّحْمَةً مِّن رَّبِّكَ لِتُنذِرَ قَوْمًا مَّا أَتَاهُم مِّن نَّذِيرٍ مِّن قَبْلِكَ لَعَلَّهُمْ يَتَذَكَّرُونَ ﴿٤٦﴾

46. മൂസായെ നാം ഒന്നാം തവണ വിളിച്ചപ്പോൾ ത്വൂറിന്റെ പാർശ്വത്തിലും നീ ഉണ്ടായിരുന്നില്ല. എന്നാൽ നിന്റെ നാഥങ്കൽനിന്നുള്ള അനുഗ്രഹമായി നിനക്ക് ഈ വൃത്താന്തങ്ങൾ ലഭിക്കുകയാകുന്നു; നിനക്കു മുമ്പ് മുന്നറിയിപ്പുകാർ വന്നിട്ടില്ലാത്ത ജനതക്ക് മുന്നറിയിപ്പു നൽകുന്നതിനു വേണ്ടിയാണിത്; അവർ സന്മാർഗബോധമുള്ളവരാകാൻ.

**44-46**

وَمَا كُنتَ= നീ ഉണ്ടായിരുന്നില്ല بِجَانِبِ الْغَرْبِيِّ= പടിഞ്ഞാറു ഭാഗത്ത് (പശ്ചിമ ദിക്കിൽ)

إِذْ قَضَيْنَا إِلَىٰ مُوسَى الْأَمْرَ = മൂസായിലേക്ക് നാം കാര്യം വിധിച്ചപ്പോൾ (നിയമം അനുശാസിച്ചുകൊടുത്തപ്പോൾ)

وَمَا كُنتَ مِنَ الشَّاهِدِينَ= (അതിനു) സാക്ഷികളുടെ (കൾ ആയവരുടെ) കൂട്ടത്തിലും നീ ഉണ്ടായിരുന്നില്ല

وَلَٰكِنَّا أَنشَأْنَا = എന്നാൽ (അനന്തരം ഇതുവരെ) നാം ഉണ്ടാക്കി (എഴുന്നേൽപിച്ചിരിക്കുന്നു) قُرُونًا= (നിരവധി) സമുദായങ്ങളെ

فَتَطَاوَلَ عَلَيْهِمُ الْعُمُرُ= അങ്ങനെ അവരുടെ മേൽ ആയുസ്സ് ദീർഘിച്ചു (അവരിലൂടെ കാലം ഏറെ കടന്നുപോവുകയും ചെയ്തിരിക്കുന്നു)

وَمَا كُنتَ ثَاوِيًا= നീ വസി(ച്ചിരുന്നില്ല)ക്കുന്നവനായിരുന്നില്ല فِي أَهْلِ مَدْيَنَ = മിദ്യാൻകാർക്കിടയിലും

تَتْلُو عَلَيْهِمْ= നീ അവർക്ക്(ജനത്തിന്) ചൊല്ലിക്കൊടുത്തുകൊണ്ട് آيَاتِنَا= നമ്മുടെ സൂക്തങ്ങൾ

وَلَٰكِنَّا = പക്ഷേ (ഈ വിവരങ്ങളൊക്കെയും) كُنَّا مُرْسِلِينَ= നാം അയക്കുന്നവരായിരിക്കുന്നു (നിനക്ക് അയച്ചുതരുന്നതാകുന്നു)

وَمَا كُنتَ بِجَانِبِ الطُّورِ= ത്വൂറിന്റെ പാര്‍ശ്വത്തിലും നീ ഉണ്ടായിരുന്നില്ല إِذْ نَادَيْنَا= (മൂസായെ) നാം (ഒന്നാം തവണ) വിളിച്ചപ്പോള്‍

وَلَٰكِن رَّحْمَةً مِّن رَّبِّكَ = എന്നാല്‍ നിന്റെ നാഥങ്കല്‍നിന്നുള്ള അനുഗ്രഹമായി (നിനക്ക് ഈ വൃത്താന്തങ്ങള്‍ ലഭിക്കുകയാകുന്നു)

لِتُنذِرَ = നീ മുന്നറിയിപ്പു നല്‍കുന്നതിന് (വേണ്ടിയാണിത്)

قَوْمًا مَّا أَتَاهُم مِّن نَّذِيرٍ= മുന്നറിയിപ്പുകാ(ര്‍)രന്‍ വന്നിട്ടില്ലില്ലാത്ത ഒരു ജനത്തിന്

مِّن قَبْلِكَ= നിനക്കു മുമ്പ് لَعَلَّهُمْ يَتَذَكَّرُونَ= അവര്‍ ഓര്‍മിച്ചേക്കാം (സന്മാര്‍ഗബോധമുള്ളവരാകാന്‍)

ഖുറൈശികളോടൊപ്പം യഹൂദരെ കൂടി ഉന്നം വെച്ചുകൊണ്ട് മുഹമ്മദീയ പ്രവാചകത്വം സ്ഥിരപ്പെടുത്തുകയാണീ സൂക്തങ്ങള്‍. വിധിയും കല്‍പനയുമാണ് قضاء . കാര്യം, വിഷയം, വ്യവസ്ഥ, കല്‍പന എന്നിങ്ങനെ അനേകം അര്‍ഥങ്ങളിലുപയോഗിക്കുന്ന പദമാണ് امر. 'മൂസാക്ക് നിയമം അനുശാസിച്ചുകൊടുത്തപ്പോള്‍' എന്നാണ് إِذْ قَضَيْنَا إِلَىٰ مُوسَى الْأَمْرَ എന്ന വാക്യത്തിന്റെ താല്‍പര്യം. جَانِبِ الْغَرْبِيِّ-പശ്ചിമ ദിക്ക് കൊണ്ടുദ്ദേശ്യം മക്കയുടെ, അല്ലെങ്കില്‍ മക്ക ഉള്‍ക്കൊള്ളുന്ന ഹിജാസിന്റെ പശ്ചിമ ദിക്കാണ്. تَطَاوَلَ عَلَيْهِمُ الْعُمُرُ-ന്റെ വാക്കര്‍ഥം അവരുടെ മേല്‍ ആയുസ്സ് നീണ്ടുപോയി എന്നാണ്. നാം ഉയിര്‍ത്തെഴുന്നേല്‍പിച്ച സമുദായങ്ങള്‍ വളരെ കാലം ഈ ലോകത്ത് വാണിരുന്നു എന്നാണുദ്ദേശ്യം. സൂക്തങ്ങളുടെ ആശയമിതാണ്:

അല്ലാഹു ഈ വേദമാകുന്ന നിയമശാസനങ്ങള്‍ നല്‍കുന്നതിനു വേണ്ടി മൂസാ(അ)യെ ത്വൂര്‍ മലയിലേക്ക് വിളിച്ചപ്പോഴും വേദഫലകങ്ങള്‍ നല്‍കിയപ്പോഴും അന്ത്യപ്രവാചകനായ നീ പശ്ചിമ ദേശത്ത് അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നില്ല. മൂസാ മല കയറിയപ്പോള്‍ ദൈവത്തിങ്കല്‍നിന്ന് വേദശാസനകള്‍ സ്വീകരിച്ച് തിരിച്ചുവരുന്ന അദ്ദേഹത്തെ താഴ്‌വരയില്‍ കാത്തിരുന്ന ഇസ്രാഈല്യരോടൊപ്പവും നീ ഉണ്ടായിരുന്നില്ല. മൂസാ നബിയെ അല്ലാഹു വിളിച്ചതു പ്രകാരം ത്വൂര്‍ മലയിലേക്ക് പോകുമ്പോള്‍ ഇസ്രാഈല്യരെ തന്റെ സഹോദരന്‍ ഹാറൂന്റെ നേതൃത്വത്തില്‍ താഴ്‌വരയില്‍ വസിപ്പിച്ചിരുന്നു. ഈ കാലത്താണ് സാമിരി എന്ന ഒരാള്‍ ഗോപ്രതിമയുണ്ടാക്കി ആ ജനങ്ങളെ വഴിപിഴപ്പിച്ചത്. പിന്നീട് മൂസാ(അ) തിരിച്ചെത്തി അവരെ വീണ്ടും സന്മാര്‍ഗത്തിലേക്ക് തിരിച്ചുകൊണ്ടുവരികയായിരുന്നു. ഈ സംഭവങ്ങള്‍ മുമ്പ് പല സൂറകളില്‍ പരാമര്‍ശിച്ചിട്ടുള്ളതാണ്. ആ സംഭവങ്ങള്‍ക്ക് സാക്ഷികളായവരുടെ കൂട്ടത്തില്‍ മുഹമ്മദ് നബി ഉണ്ടായിരുന്നില്ലെന്നാണ് ഇവിടെ പറയുന്നത്. അതുപോലെ മൂസാ മിദ്യാനില്‍ ഇടയനായിരുന്ന കാലത്തും ശുഐബ് നബി അവരില്‍ ധര്‍മപ്രബോധനം നടത്തുകയും വിനാശത്തിന്റെ മുന്നറിയിപ്പ് നല്‍കുകയും ചെയ്തിരുന്ന കാലത്തുമൊന്നും നീ ദൈവിക സൂക്തങ്ങള്‍ കേള്‍പ്പിച്ചുകൊണ്ട് ആ നാട്ടില്‍ പാര്‍ത്തിരുന്നില്ല. ആ സംഭവങ്ങളെല്ലാം നടന്നത് അനേക നൂറ്റാണ്ടുകള്‍ മുമ്പാണ്. അതിനു ശേഷം പല പല സമുദായങ്ങളും തലമുറകളും ഈ ലോകത്ത് ഉയര്‍ന്നുവന്ന് സുദീര്‍ഘമായി വസിച്ച് കാലയവനികക്കുള്ളില്‍ മറഞ്ഞുപോയി. فَتَطَاوَلَ عَلَيْهِمُ الْعُمُرُ എന്ന വാക്യത്തിനു ശേഷം فنسو الذكر -ഉദ്ബോധനം അഥവാ വേദസൂക്തങ്ങള്‍ അവര്‍ വിസ്മരിച്ചു- എന്ന അര്‍ഥത്തിലുള്ള ഒരു വാക്യം അനുക്തമായിട്ടുണ്ട്.

മാഞ്ഞു മറന്നുപോയ മൂസാ ചരിത്രവും ശുഐബ് ചരിതവുമൊക്കെ നിരക്ഷരനായ നിനക്ക് കൃത്യമായി പറയാന്‍ കഴിയുന്നത് ആ വിവരങ്ങള്‍ നാം, അല്ലാഹു നിനക്ക് അയച്ചുതരുന്നതുകൊണ്ടാണ്. അല്ലാഹു മൂസായെ ത്വൂര്‍ മലയിലേക്ക് വിളിക്കുന്നതിനും അദ്ദേഹത്തിന് വേദഫലകങ്ങള്‍ നല്‍കുന്നതിനും ദൃക്സാക്ഷിയായി നീ ത്വൂര്‍ താഴ്‌വരയില്‍ ഉണ്ടായിരുന്നില്ല എന്ന കാര്യം അനിഷേധ്യമാണ്. എന്നിട്ടും ആ സംഭവം കൃത്യമായും വ്യക്തമായും പറയാന്‍ നിനക്ക് കഴിയുന്നത് അല്ലാഹുവിങ്കല്‍നിന്നുള്ള മഹത്തായ അനുഗ്രഹം കൊണ്ടാണ്. നീ അവന്റെ ദൂതനാണെന്നതിന്റെ അനിഷേധ്യമായ തെളിവാണത്. മൂസാക്ക് നല്‍കിയ വേദസാരം തന്നെയാണ് ഈ ഖുര്‍ആനിലൂടെ നിനക്കും നല്‍കുന്നത്. അധാര്‍മിക ജീവിതത്തിന്റെ ദുരന്തത്തെക്കുറിച്ചും ധാര്‍മിക ജീവിതത്തിന്റെ സത്ഫലങ്ങളെക്കുറിച്ചും നീ ജനങ്ങള്‍ക്ക് മുന്നറിയിപ്പ് നല്‍കാനും അതുവഴി അവര്‍ ഉദ്ബുദ്ധരാവാനും സ്വയം സംസ്കൃതരായി ജീവിതം സഫലമാകാനും. നിനക്കു മുമ്പ് ഏറെക്കാലമായി പ്രവാചക സാന്നിധ്യമില്ലാത്തതിനാല്‍ അവരുടെ ജീവിതം തീരെ അധാര്‍മികവും അസത്യജടിലവുമായിത്തീര്‍ന്നിരിക്കുകയാണ്. സകല ജനങ്ങള്‍ക്കുമുള്ള ദൈവിക സന്മാര്‍ഗദര്‍ശനമാണ് നിന്നിലൂടെ അവരില്‍ അവതീര്‍ണമായിരിക്കുന്നത്. ■